# ഗ്രാമസഭ/വാർഡുസഭ/ ഊരുകൂട്ട യോഗങ്ങളുടെ സംഘാടനം

## കുറിപ്പ്

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ ഗ്രാമസഭ/വാർഡുസഭ/ ഊരുകൂട്ട യോഗങ്ങളാണ് ഏപ്രിലിൽ ചേരുന്നത്. പതിമൂന്നാം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കമാകുന്നു എന്നതു മാത്രമല്ല ഈ ജനസഭകളുടെ പ്രാധാന്യം. പ്രാദേശിക വികസനത്തിന്റെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും, വിശേഷിച്ച് മിഷനുകളും ചേർന്നു സംഘടിപ്പിക്കുന്ന മഹത്തായ ഒരു ജനകീയ പ്രസ്ഥാനത്തിനുകൂടി ഈ ജനസഭകളിൽ തുടക്കമാവുകയാണ്. സാമൂഹ്യനീതിയും, പരിസ്ഥിതിരക്ഷയും വിട്ടുവീഴ്ച ചെയ്യാതെ തുടർച്ചാസാധ്യതയുള്ള ഉയർന്ന വളർച്ച കൈവരിക്കാനാണ് പതിമൂന്നാം പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കാലയളവിൽ നമുക്കു കേരളത്തിന്റെ മാലിന്യപ്രശ്നം പരിഹരിക്കാൻ കഴിയണം. അഗതികളും, ഭൂരഹിതരും, ഭവനരഹിതരും, കേവല ദാരിദ്ര്യം അനുഭവിക്കുന്നവരും ഇല്ലാത്ത സംസ്ഥാനമാകണം. ജനനം മുതൽ മരണം വരെയുള്ള മനുഷ്യജീവിതചക്രത്തിന്റെ ഏതു ഘട്ടത്തിലും സമൂഹത്തിന്റെ കൈത്താങ്ങ് ആവശ്യമുള്ളവർക്ക് അത് നൽകാൻ കഴിയണം. കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയണം. നെല്ലിന്റെയും, പച്ചക്കറിയുടെയും, മറ്റ് ഭക്ഷ്യ വസ്തുക്കളുടെയും ഉത്പാദനം വർദ്ധിപ്പിക്കുകയും വിഷരഹിത ഭക്ഷണം ഉറപ്പാക്കുകയും വേണം. പൊതുജനാരോഗ്യ സംവിധാനങ്ങളുടെയും, പൊതുവിദ്യാലയങ്ങളുടെയും നിലവാരം ലോകോത്തരമാക്കണം. വ്യാവസായിക ഉത്പാദനവും പുതിയ തൊഴിലവസരങ്ങളും വർദ്ധിപ്പിക്കണം. കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾ കൊണ്ടു നാടുണരണം. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാദേശിക പ്രത്യേകതകൾ പരിഗണിച്ചുകൊണ്ട് എല്ലാ പ്രദേശങ്ങളിലും ലക്ഷണമൊത്ത പദ്ധതികൾക്ക് രൂപം നൽകണം. ഇതായിരിക്കണം ഇത്തവണത്തെ ജനസഭകളുടെ ലക്ഷ്യം.

ചർച്ചകളിൽ ജനങ്ങൾക്കു ആവശ്യത്തിനു സമയം അനുവദിക്കാൻ കഴിയണമെങ്കിൽ ഔപചാരിക അവതരണങ്ങൾ ചുരുക്കണം. പ്രാദേശിക സർക്കാരിന്റെ വികസന കാഴ്ചപ്പാട് (പ്രസിഡന്റ് / ചെയർപേഴ്സൺ) പൂർത്തിയായ പദ്ധതിയുടെ അവലോകനം (സെക്രട്ടറി) മിഷൻ പ്രവർത്തനങ്ങളും പ്രാദേശിക പദ്ധതിയും (സന്നദ്ധപ്രവർത്തകൻ) വികസനറിപ്പോർട്ടിന്റെ സംഗ്രഹവും പുതിയ വാർഷിക പദ്ധതിയിലെ പ്രോജക്ട് നിർദ്ദേശങ്ങളും (സ്റ്റാഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ) എന്നീ അവതരണങ്ങൾ പരമാവധി ചുരുക്കി നടത്തണം. പൊതു ചർച്ചയ്ക്കും ചോദ്യങ്ങൾക്കും മറുപടി നൽകാനും സമയം നൽകിയതിനുശേഷം ഗ്രൂപ്പ് തിരിഞ്ഞുള്ള

ചർച്ചയിലേയ്ക്ക് നീങ്ങാം. ഗ്രൂപ്പ ചർച്ചകളുടെ റിപ്പോർട്ടിംഗും കരട്ട നിർദ്ദേശങ്ങൾ സംബന്ധിച്ച പൊതു ചർച്ചയും നടക്കണം. അതിനുശേഷം പ്രസിഡന്റ് അഥവാ ചെയർപേഴ്സൺ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രൂപ്പചർച്ച ക്രോഡീകരിച്ച് പ്രതികരണങ്ങൾ നൽകണം.

## നവകേരളവും മിഷനുകളും :- അവതരണത്തിനുള്ള കുറിപ്പ്

### ഹരിതകേരളം

നമ്മുടെ നാട് ഇന്ന് അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളാണ് ജല ദാരിദ്ര്യം, മാലിന്യം, ഭക്ഷ്യ വിഭവങ്ങളുടെ പരാശ്രയം എന്നിവ ഇക്കാര്യത്തിൽ സമയബന്ധിതമായി പരിഹാരം കാണാനാണ് "ഹരിത കേരളം" മിഷൻ ആരംഭിച്ചത്. സംസ്ഥാന സർക്കാരും തദ്ദേശഭരണസ്ഥാപനങ്ങളും ജനങ്ങളും ഒന്നിച്ച ചേർന്നുള്ള ഒരു പ്രസ്ഥാനമായി പ്രവർത്തിച്ച് ഹരിതകേരളം എന്ന ലക്ഷ്യം നേടാനാണ് ശ്രമിക്കുന്നത്. ഇക്കാര്യത്തിൽ ഗ്രമസഭയിൽ എന്തൊക്കെ ചർച്ച ചെയ്യണം?

നമ്മുടെ വാർഡിനെ ജലസമൃദ്ധമാക്കാൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തണം. ഇവിടത്തെ ജലസമ്പത്ത് ഉയർത്താൻ നമുക്ക് വാർഡുതലത്തിൽ മഴകുഴി, കിണർ റീചാർജിംഗ്, മഴവെള്ളസംഭരണം, പൊതു ജലസ്രോതസ്സുകൾ പരിപാലനവും സംരക്ഷണവും തുടങ്ങിയ ഏതൊക്കെകാര്യങ്ങൾ ഏറ്റെടുക്കാം. ഇതിനായി തൊഴിലുറപ്പ് പഞ്ചായത്ത് പദ്ധതി തുടങ്ങിയവയെ എങ്ങനെ പ്രയോജനപ്പെടുത്താം?

1. വാർഡിൽ ജല ഉപഭോഗത്തിൽ മിതവ്യയശീലം പ്രോത്സാഹിപ്പിക്കാനും സാമൂഹ്യ നിയന്ത്രണത്തിനുമായി നമുക്ക് എന്തൊക്കെ ചെയ്യാം? ജല സാക്ഷരത പരിപാടിക്കായി നമുക്ക് എന്തൊക്കെ ചെയ്യാം?
2. പൊതു ജലാശയങ്ങളുടെ സംരക്ഷണം എങ്ങനെ സാധ്യമാക്കാം. വീട്ടിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മലിനജലം കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്താൻ എന്ത് പ്രവർത്തനങ്ങൾ പദ്ധതിയിൽ കൊണ്ടുവരാം.
3. വാർഡിന്റെ ജലസുരക്ഷയ്ക്കും ജലസമൃദ്ധിക്കുമായി വരുന്ന 4 വർഷംകൊണ്ട് ചെയ്യേണ്ട കാര്യങ്ങൾ പട്ടികപ്പെടുത്തി പ്രായോഗിക പ്രോജക്ട് ആശയങ്ങൾ നിർദ്ദേശിക്കാമോ?
4. നമ്മുടെ വാർഡിനും പഞ്ചായത്തിനും ഒരു ജലസുരക്ഷ പദ്ധതി തയ്യാറാക്കാൻ എന്തൊക്കെകാര്യങ്ങൾ ചെയ്യണം?

**ശുചിത്വം**

നമ്മുടെ നാട്ടിൽ പകർച്ചാവ്യാധികളും തെരുവു നായ്ക്കളും വർദ്ധിക്കുന്നതിന്റെ ഒരു പ്രധാന കാരണം മാലിന്യമാണ്. മണ്ണും ജലവും മലിനമാകുന്നു. ഇക്കാര്യത്തിൽ ഒരോരുത്തരും ഉത്തരവാദിത്വം നിർവഹിക്കണം. നമ്മുടെ വീട്ടിലും/സ്ഥാപനത്തിലും ഉണ്ടാകുന്ന ഉപയോഗശൂന്യമായി അഴുകുന്ന വസ്തുകൾ സ്വന്തം ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റ്-വളമാക്കണം. അഴുകാത്തവ വൃത്തിയാക്കി സംഭരിക്കുകയും പഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രകാരം കൈമാറുകയും വേണം. വീട്ടിലെ കമ്പോസ്റ്റിംഗ് കൃഷിക്ക് പ്രയോജനകരമാണ്. ഒപ്പം അഴുകാത്ത മാലിന്യത്തിന്റെ അളവ് കുറക്കണം. ഒരു തവണത്തെ ഉപയോഗത്തിനായി വാങ്ങുന്ന പ്ലാസ്റ്റിക്-തെർമോകോൾ-പേപ്പർ പാത്രങ്ങളും ഗ്ലാസ്സുകളും ക്യാരി ബാഗുകളും വാങ്ങുന്നത് ഉപേക്ഷിക്കാൻ കഴിയണം. ഇതിനായി നമുക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്റ്റ് ആശയങ്ങളും ഇവിടെ ഉണ്ടാകണം. ഒപ്പം പുതിയശീലം കൊണ്ടുവരാനുള്ള ബഹുജന പ്രവർത്തനങ്ങളും വിദ്യാഭ്യാസ പരിപാടികളും രൂപപ്പെടുത്തണം. ഇതിനുള്ള നിർദ്ദേശങ്ങളും ചർച്ചയിൽ ഉണ്ടാകണം.

**കൃഷി**

നമ്മുടെ നാട്ടിലെ കൃഷിയിൽ വന്ന കുറവ് ഇക്കാര്യത്തിലുള്ള പരാശ്രയം കൂട്ടിയത് മാത്രമല്ല ജലസമ്പത്തിന്റെ ശോഷണത്തിനും വിഷലിപ്തമായ പച്ചക്കറികളും, പഴവർഗ്ഗങ്ങളും ഉപയോഗിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടയാക്കി. ഇതിൽ മാറ്റം വരുത്തണം. നമ്മുടെ വാർഡിൽ നെല്ലിന്റെയും പച്ചക്കറിയുടെയും ഉല്പാദനം കൂട്ടുന്നതിലൂടെ പഞ്ചായത്തിലെ ഇന്നത്തെ ഭക്ഷ്യ വിളകളുടെ ഉല്പാദനം വരുന്ന നാലു വർഷവും-ഓരോ വർഷവും ഇരട്ടിയാക്കാൻ കഴിയുമോ? ഇതിന്റെ സാധ്യതകൾ എത്രമാത്രമുണ്ട് എന്ന് വിലയിരുത്തി നിർദ്ദേശങ്ങൾ ഉണ്ടാക്കണം. വാർഡിൽ സാധ്യമായ ഭക്ഷ്യവിളകൃഷികൾ എന്തൊക്കെയാണ്? ഓരോ വീട്ടിലും പൊതുവായി കൃഷി ചെയ്യാവുന്ന ഭക്ഷ്യയിനങ്ങൾ ഏതൊക്കെ. കച്ചവടാടിസ്ഥാനത്തിൽ കൃഷി നടത്തുന്ന കുടുംബങ്ങൾ, കൃഷി ഗ്രൂപ്പുകൾ, കുടുംബശ്രീ കൃഷി ഗ്രൂപ്പുകൾ, എന്നിവക്ക് പുറമേ പുതിയ ഗ്രൂപ്പുകൾക്കുള്ള സാധ്യതകൾ എത്രമാത്രമുണ്ട്. തരിശ് കിടക്കുന്ന പൊതു/ സ്വകാര്യ ഭൂമി എത്ര? അത് എങ്ങനെ കൃഷിക്ക് പ്രയോജനപ്പെടുത്താം. ഇടവിളകൃഷിക്ക് ഇനിയും പ്രയോജനപ്പെടുത്താവുന്ന ഭൂമി ഉണ്ടോ? തരിശ് രഹിതവാർഡും സമ്പൂർണ്ണ ഇടവിളകൃഷിയുള്ള പ്രദേശവുമാക്കാൻ എന്തൊക്കെ പ്രവർത്തനങ്ങൾ വേണം? വാർഡിലെ ഉറവിടമാലിന്യ

സംസ്കരണവുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എന്തൊക്കെ വേണം? പഞ്ചായത്തിന്റെ പദ്ധതിയിൽ എന്തൊക്കെകാര്യങ്ങൾ പരിഗണിക്കണം?

**ആർദ്രം**

ഉയർന്ന ചികിത്സാചെലവും പകർച്ചവ്യാധികളും ജീവിത ശൈലീ രോഗങ്ങളും ഇന്നും നമുക്ക് ഭീക്ഷണിയാണ്. നമ്മുടെ ഫാമിലി വെൽഫയർ സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്-ജില്ല ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന പൊതുജനാരോഗ്യ സംവിധാനങ്ങളിലൂടെ നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ ഉയർത്തിയും വിപുലപ്പെടുത്തിയും മികച്ച ചികിത്സയും ആരോഗ്യ സേവനങ്ങളും ലഭ്യമാക്കാനാണ് ആർദ്രം മിഷനിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യത്തെ സ്വാധീനിക്കുന്ന ശുചിത്വം, കുടിവെള്ളം, വിദ്യാഭ്യാസം, ആഹാരം, വ്യായാമം, ആരോഗ്യകരമായ ജീവിതശൈലി തുടങ്ങിയ സാമൂഹ്യ ഘടകങ്ങൾ ഉറപ്പാക്കുന്നതിനും കർമ്മ പദ്ധതി ഉണ്ട്. ഇതിനായി സർക്കാരിന്റെ വിവിധ വികസന വകുപ്പുകളേയും തദ്ദേശഭരണസ്ഥാപനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ടാണ് ആരോഗ്യരംഗത്തെ സമഗ്ര പരിപാടിക്ക് രൂപം നൽകിയിരിക്കുന്നത്.

ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ പഞ്ചായത്തിനും ഗ്രാമസഭകൾക്കും കഴിയണം. ആരോഗ്യ സ്ഥാപനങ്ങളുടെ സേവന ഗുണമേന്മ ഉയർത്താനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ജനപങ്കാളിത്തം അനിവാര്യമാണ്. പകർച്ചാവ്യാധികൾക്ക് കാരണമാകുന്ന കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് വാർഡ് ശുചിത്വാരോഗ്യ സമിതിയെയും അയൽക്കൂട്ടങ്ങളേയും, അയൽസഭകളേയും, ഇതര കൂട്ടായ്മകളേയും എങ്ങനെ പ്രയോജനപ്പെടുത്താം? ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിൽ വ്യായാമം, ഭക്ഷണ ശൈലി, മുൻകൂട്ടിയുള്ള രോഗനിർണ്ണയം എന്നിവക്കായി വാർഡുതലത്തിൽ ആവിഷ്കരിക്കാവുന്ന പരിപാടികൾ എന്തൊക്കെ? ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം കുറക്കാനും ഇല്ലാതാക്കാനും വാർഡ്തലത്തിലും പഞ്ചായത്തുതലത്തിലും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ എന്ത്? ഭിന്നശേഷിക്കാർ, മുതിർന്ന പൗരർ, സ്ത്രീകൾ തുടങ്ങിയ പ്രത്യേക ശ്രദ്ധ വേണ്ട വിഭാഗങ്ങൾക്കായി എന്തെല്ലാം പ്രവർത്തനങ്ങൾ ആവിഷ്കരിക്കാം? ഏറ്റെടുക്കാം? നമ്മുടെ ആരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഏതെല്ലാം ഘടകങ്ങളിൽ ജനകീയ പങ്കാളിത്തം കൊണ്ടുവരാം? എങ്ങനെ?

ജാതി-മത-സമ്പന്ന-ദരിദ്ര വ്യത്യാസമില്ലാതെ എല്ലാ വിഭാഗത്തിലും പെടുന്ന കുട്ടികൾ ഒരുമിച്ചിരുന്നു പഠിക്കുന്ന പൊതുവിദ്യാലയങ്ങൾ ആധുനിക കേരളത്തിന്റെ സൃഷ്ടിയിൽ പ്രധാനപങ്കുവഹിച്ചിട്ടുണ്ട്. മതിനിരപേക്ഷതയുടെയും സാമൂഹ്യനീതിയുടേയും മൂല്യങ്ങൾ ഊട്ടിവളർത്താൻ പൊതുവിദ്യാലയങ്ങൾ സഹായകരമായി. പൊതുവിദ്യാലയങ്ങളെ മുഖ്യധാരയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും ലോകോത്തര നിലവാരത്തിലേക്കു ഉയർത്താനുമാണ് പൊതുവിദ്യാഭ്യാസയജ്ഞം ശ്രമിക്കുന്നത്. തദ്ദേശഭരണസ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള ഓരോ പൊതുവിദ്യാലയത്തിന്റെയും ഇന്നത്തെ സ്ഥിതി പരിശോധിച്ച് കുറവുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇനി എന്തെല്ലാമാണ് വേണ്ടത് എന്നു നിശ്ചയിക്കണം. മുകൾ തട്ടു ഗവൺമെന്റുകൾക്ക് ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിനെ അഥവാ മുനിസിപ്പാലിറ്റിയെ ഏറെ സഹായിക്കാൻ കഴിയും. പ്രാദേശിക തലത്തിൽ എല്ലാ ഏജൻസികളെയും കൂട്ടിയോജിപ്പിച്ച് മുന്നോട്ടു പോകാനുള്ള തന്ത്രമാണ് ആവിഷ്കരിക്കേണ്ടത്.

**ഭൂമിയും ഭവനവും**

പതിമൂന്നാം പദ്ധതിക്കാലയളവിൽ കേരളം ഭൂരഹിതരും, ഭവനരഹിതരും ഇല്ലാത്ത സംസ്ഥാനമായി മാറണം. സംസ്ഥാന സർക്കാർ തലത്തിൽ ലൈഫ്മിഷന്റെ ആഭിമുഖ്യത്തിൽ ഈ ദൗത്യം നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ് വാസയോഗ്യം അല്ലാത്ത വീടുകൾ വാസയോഗ്യമാക്കാനും നേരത്തെ അനുവദിച്ച പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ പൂർത്തിയാക്കാനും, ഭൂമിയുള്ള ഭവനരഹിതരെ കണ്ടെത്തി അവർക്കു വീടുനൽകാനും ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും, വീടും ജീവനോപാധിയും നൽകാനും പ്രാദേശിക സർക്കാരുകളും സംസ്ഥാന സർക്കാർ വകുപ്പുകളും കൂട്ടായി പരിശ്രമിച്ചു ലൈഫ് മിഷന്റെ ദൗത്യം പൂർത്തിയാക്കണം. അതിനു മേൽപറഞ്ഞ വിവിധ വിഭാഗം ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കണം. അതിനുള്ള പ്രാഥമിക ചർച്ച ഇപ്പോൾ തന്നെ ആരംഭിക്കണം.

ഡോ.കെ.എൻ.ഹരിലാൽ
ചെയർമാൻ, എസ്.ആർ.ജി